# പതിനാലാം കേരള നിയമസഭ
## (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2870 10.03.2017-ൽ മറുപടിയ്ക്ക്**

## മത്സ്യ തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
| --- | --- | --- | --- |
| എ) | കടലാക്രമണം മൂലം ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഈ പദ്ധതി പ്രകാരം ഈ സർക്കാർ വന്ന ശേഷം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചു; | ബി) | കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 25 കോടി രൂപ അടങ്കൽ തുക വരുന്ന പ്രത്യേക പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനായി ഈ സാമ്പത്തിക വർഷം 2 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിക്കുകയും ടി തുക പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പ്രകാരം പുനരധിവാസം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഇപ്പോഴും സ്കൂളുകളിൽ താമസിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | സി) | തിരുവനന്തപുരം ജില്ലയിൽ പദ്ധതി പ്രകാരം 186 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് പുനരധിവാസത്തിന് ധനസഹായം നൽകുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ചിട്ടു ണ്ട്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തിയതിനു ശേഷം മാത്രമാണ് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നത്. വലിയതുറ ഫിഷറീസ് സ്കൂളിൽ താമസിക്കുന്ന 13 കുടുംബങ്ങളെ പുനരധിവസിപ്പിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫിഷറീസ് വകുപ്പ് മുഖാന്തിരം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സ്കൂളുകളിൽ താമസിപ്പിച്ചിട്ടില്ല. മുട്ടത്തറ |

| | | | |
|---|---|---|---|
| | | | വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ സ്ഥലത്ത് 192 ഫ്ളാറ്റുകൾ നിർമ്മിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫ്ളാറ്റ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വലിയതുറ സ്കൂളിൽ താമസിക്കുന്ന കുടുംബങ്ങൾ ഉൾപ്പെടെയുള്ളവരെ പുനരധിവസിപ്പിക്കാൻ കഴിയുന്നതാണ്. |
| ഡി) | മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യ ബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | ഡി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനായി 10 പരമ്പരാഗത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മത്സ്യബന്ധന ബോട്ടുകളും മറ്റ് അനുബന്ധ മത്സ്യബന്ധന ഉപകരണങ്ങളും വാങ്ങുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ധ പരിശീലനം നൽകുന്നതിനും വിഭാവനം ചെയ്ത ആഴക്കടൽ മത്സ്യബന്ധനം (ഒന്നാം ഘട്ടം) പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ പ്രൊപ്പോസൽ അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിരിക്കയാണ്. |
| ഇ) | ഈ സർക്കാർ വന്ന ശേഷം എത്ര യാനങ്ങൾ ഇതിനായി അവർക്ക് നൽകിയെന്നും എത്ര തൊഴിലാളികൾക്ക് പരിശീലനം നൽകിയെന്നും വെളിപ്പെടുത്തുമോ; | ഇ) | കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി കിട്ടുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. |
| എഫ്) | ഈ പദ്ധതിക്കായി നടപ്പ് വർഷം ഇതുവരെ എന്ത് തുക ചെലവഴിച്ചു; വിശദമാക്കാമോ? | എഫ്) | ബാധകമല്ല |

**സെക്ഷൻ ആഫീസർ**